# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6675

09.11.2016 - ൽ മറുപടിയ്ക്ക്

### ആഭ്യന്തരമായി ലഭിക്കുന്ന തൊണ്ട് സംസ്കരിച്ച് ചകിരിയാക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | ഉത്തരം<br>ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ)ചകിരിക്ക് വേണ്ടി അന്യസംസ്ഥാനങ്ങളെ അശ്രയിക്കുന്ന സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ; | എ) ഉണ്ട്. |
| ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന നാളീകേരത്തിന്റെ തൊണ്ട് പൂർണ്ണമായും ചകിരിക്കുവേണ്ടി സംസ്കരിക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ, ഓരോ വീട്ടിൽ നിന്നും തൊണ്ട് ശേഖരിച്ച്, ഒരുമിച്ച് സംസ്കരിച്ചെടുക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കുമോയെന്ന് വിശദമാക്കാമോ;<br><br>സി) ആഭ്യന്തരമായി ലഭിക്കുന്ന തൊണ്ട് സംസ്കരിച്ച് ചകിരിയാക്കി ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ചു വരുന്ന പദ്ധതികൾ വിശദീകരിക്കുമോ? | ബി)& സി)<br>കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുക, പാഴാക്കികളയുന്ന തൊണ്ട് തൊഴിലാളികൾ സംഭരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങളും വേതനവും ഉറപ്പാക്കുക, നാളീകേര കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കുക. കയർ ഉല്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകളെ ലാഭകരമാക്കുക, തുടങ്ങിയ ലക്ഷ്യങ്ങളോടു കൂടിയാണ് "തൊണ്ടുസംഭരണവും ചകിരി ഉത്പ്പാദനവും" എന്ന പദ്ധതി നടപ്പിലാക്കി വരുന്നത്. |

**തൊണ്ട് സംഭരണം**

| ക്രമ നം. | തൊണ്ട് സംഭരണം | തുക |
|---|---|---|
| 1. | തൊണ്ട് സംഭരിച്ച് എത്തിക്കുന്നവർക്ക് ഇൻസെന്റീവ് ( 60/80 ഗ്രാമിന് മുകളിൽ ചകിരി ലഭിക്കുന്ന) | |
| | പച്ചത്തൊണ്ടിന് | 25 പൈസ |
| | ഉണക്കത്തൊണ്ടിന് | 15 പൈസ |
| | 60/80 ഗ്രാമിന് താഴെ ചകിരി ലഭിക്കുന്ന തൊണ്ട ാണെങ്കിൽ പച്ചത്തൊണ്ട് 20 പൈസ നിരക്കിലും, ഉണക്കത്തൊണ്ട് 10 പൈസ നിരക്കിലും ഇൻസെന്റീവ് ലഭ്യമാക്കുന്നു. | |
| 2. | കയർമേഖലയിലെ സഹകരണ സംഘങ്ങൾ തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ടോ / ഏജൻസികൾ മുഖേനയോ) | |

| | | |
|---|---|---|
| | 5000 തൊണ്ടിന് വാഹന വാടക<br><br>കൂടുതലായി സംഭരിക്കുന്ന ഓരോ 1000 തൊണ്ടിനും | 250/- രൂപ<br><br>50/- രൂപ വീതം |
| 3. | ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊണ്ടു സംഭരിച്ചുനൽകുമ്പോൾ പ്രതിദിനവേതനമായി 400 പച്ചത്തൊണ്ടിന് | 160/- രൂപ |
| | കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും | 20/- രൂപ വീതം |
| | ഉണക്കത്തൊണ്ടാണെങ്കിൽ 600 എണ്ണം | 150/- രൂപ വീതം |
| | കൂടുതലായുള്ള ഓരോ 100 ഉണക്കത്തൊണ്ടിനും | 25/- രൂപ വീതം |
| ചകിരി ഉൽപ്പാദനം | | |
| 1. | പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോക്ക് | 3/- രൂപ സബ്സിഡി |
| | ഉണക്കത്തൊണ്ടിൽ നിന്ന് ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോക്ക് | 2/- രൂപ സബ്സിഡി |
| മെയിൻറനൻസ് ഗ്രാന്റ് | | |
| 1. | വലിയ ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 50000/- രൂപ |
| 2.. | മിനി ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 10000/- രൂപ |
| | | |

**<u>റിവോൾവിംഗ് ഫണ്ട്</u>**

കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ടുസംഭരണത്തിനായി പരമാവധി 2 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കുന്ന രീതിയിൽ പ്രവർത്തനമൂലധനം നൽകി വരുന്നു.

ഈ പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള ചകിരിവില/കയർവില നിർണ്ണയ കമ്മറ്റിയുടെ

| | |
|---|---|
| | 27/11/2015 ലെ യോഗത്തിൽ നിലവിലുളള കയറിന്റെ കമ്പോളവില കണക്കാക്കി പച്ചത്തൊണ്ടിൽ നിന്നുളള ചകിരിയ്ക്ക് കിലോക്ക് 17/- രൂപ നിരക്കിലും ഉണക്കത്തൊണ്ടിൽ നിന്നുളള ചകിരിക്ക് കിലോക്ക് 14/- രൂപ നിരക്കിലും നിശ്ചയിച്ചു നൽകിയിട്ടുണ്ട്. തൊണ്ടു സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി നാളികേര ഉൽപാദക ഫെഡറേഷനുകളെ കൂടി പങ്കാളികളാക്കികൊണ്ടുള്ള സംഭരണ സംസ്കരണ പരിപാടികൾ നടപ്പിലാക്കും. നിലവിലുള്ള ഡീഫൈബറിംഗ് യൂണിറ്റുകളുടെ പരാധീനതകൾ പരിഹരിക്കുന്നതിനും സാങ്കേതിക നവീകരണത്തിനും നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ